കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആറ്റിങ്ങൽനഗരസഭ ടൗൺഹാൾനിർമ്മാണത്തിന് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും ലോണെടുക്കുന്നതിന് സർക്കാർ അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.782/2019/ തസ്വഭവ തിരുവനന്തപുരം, തീയതി, 01.04.2019.

പരാമർശം:- 1 . 29.07.2009-ലെ സർക്കാർ ഉത്തരവ്(എം.എസ്) നം.147/2009/ത.സ്വ.ഭ.വ

2. നഗരകാര്യ ഡയറക്ടറുടെ 04/01/2019 ലെ ഡി.സി3/13950/2018 നമ്പർ കത്ത്.

ഉത്തരവ്

ആറ്റിങ്ങൽനഗരസഭ ടൗൺഹാൾനിർമ്മാണത്തിന് ആറ്റിങ്ങൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള അവനവഞ്ചേരി വില്ലേജിൽ സർവ്വേ നം.1215 ൽ പ്പെട്ട 24.69 ആർ വസ്തു ജാമ്യമായി നല്കിക്കൊണ്ട് ആറ്റിങ്ങൾ മുനിസിപ്പൽ ടൗൺ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) അനുസരിച്ച് 9.7 % പലിശ നിരക്കിൽ (180 മാസക്കാലയളവിലേയ്ക്ക്) 1.25 കോടി രൂപ വായ്പ എടുക്കുന്നതിന് അനുമതി നല്കുന്നതിനായി ആവശ്യമായ രേഖകൾ സഹിതം പരാമർശം (2) ലെ കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിനോടഭ്യർത്ഥിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കണമെന്ന വ്യവസ്ഥയോടെ ആറ്റിങ്ങൾ നഗരസഭാ ടൗൺ ഹാൾ നിർമ്മാണത്തിന് ആറ്റിങ്ങൽ മുനിസിപ്പൽ ടൗൺ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും 9.7 % പലിശ നിരക്കിൽ (180 മാസക്കാലയളവിലേയ്ക്ക്) 1.25 കോടി രൂപ വായ്പയെടുക്കുന്നതിന് കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) പ്രകാരം ആറ്റിങ്ങൽ നഗരസഭയ്ക്ക് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

നഗരസഭ ചെയർമാൻ /സെക്രട്ടറി ,ആറ്റിങ്ങൽ നഗരസഭ

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് , തിരുവനന്തപുരം

തദ്ദേശസ്വയംഭരണ (ഒ . എസ് ) വകുപ്പ് , ഡിബി2/29/18

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്